# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1279** | **13.07.2016-ന് മറുപടിക്ക്**

## കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പരിസ്ഥിതിലോല മേഖല എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ട ജനവാസ കേന്ദ്രങ്ങളെ ഇതിൽ നിന്നും ഒഴിവാക്കുന്നതിനും കർഷകരുടെ ഭൂമിയും കൃഷികളും, വീടുകളുമുൾപ്പെടെയുള്ള സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (എ) യും (ബി) യും | കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോ മീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോ മീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

(Contd.........2....)

| | | | |
|---|---|---|---|
| (സി) | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ പരിസ്ഥിതിലോല മേഖലയെ പുനർനിർവചിച്ചിട്ടുണ്ടോ; കേരളത്തിലെ ഏതൊക്കെ വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിയാണ് ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിൽ വനഭൂമി എത്രയെന്നും ജനവാസ യോഗ്യമായ ഭൂമി എത്രയെന്നും വ്യക്തമാക്കാമോ ; | (സി) | സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം കേന്ദ്രസർക്കാർ തുടർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. കേരളത്തിലെ 123 വില്ലേജുകളിൽപ്പെട്ട 9993.7 ച.കി.മീ. പ്രദേശത്തെ പരിസ്ഥിതിലോലമായി കണക്കാക്കി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 9107 ച.കി.മീ. വനപ്രദേശവും, 886.7 ച.കി.മീ. വനേതരവുമാണ്. |
| (ഡി) | റിപ്പോർട്ട് നടപ്പാക്കുന്നതു വഴി കുടിയേറ്റ മേഖലകളിൽ 60 വർഷത്തിലേറെയായി പട്ടയംപോലും ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ജീവിച്ചു വരുന്ന കർഷകർക്ക് തങ്ങളുടെ കൈവശ ഭൂമിയിൽ നിന്നും എല്ലാമുപേക്ഷിച്ച് ഇറങ്ങി പോകേണ്ട സ്ഥിതി ഉണ്ടാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | പരിസ്ഥിതിലോല പ്രദേശത്ത് താമസിക്കുന്നവരെ കുടിയൊഴിപ്പിക്കില്ലെന്ന് കേന്ദ്രസർക്കാർ 4.9.2015-ൽ പുറപ്പെടുവിച്ച S.O.2435(E) നമ്പർ കരട് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ